**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ ചാരിറ്റബിൾ സൊസൈറ്റി - കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ / നഗരസഭകൾ / കോർപ്പറേഷൻ / ജില്ലാ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.**3069**/2016/തസ്വഭവ                    തിരുവനന്തപുരം, തീയതി, 10.11.2016

പരാമർശം:- 1. സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.
2. ശ്രീ. എ.എൻ.ഷംസീർ എം.എൽ.എ യുടെ 24/10/2016 ലെ കത്ത്.

**ഉത്തരവ്**

തലശ്ശേരി മലബാർ കാൻസർ സെന്ററിന് സമീപം പ്രവർത്തിക്കുന്ന 'ആശ്രയ ചാരിറ്റബിൾ സൊസൈറ്റി' കാൻസർ രോഗികൾക്കും കൂടിരിപ്പുകാർക്കും വലിയ ആശ്വാസ പ്രദമായ സേവനമാണ് ലഭ്യമാക്കുന്നതെന്നും ടി സൊസൈറ്റിയുടെ നടത്തിപ്പിന് വലിയ പ്രയാസം നേരിടുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനാവശ്യമായ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ നടത്തിപ്പിനായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ 10,000/- രൂപയും (പതിനായിരം രൂപ മാത്രം), നഗരസഭകൾ 25,000/- (ഇരുപത്തിഅയ്യായിരം രൂപ മാത്രം) കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവ 50,000/- (അൻപതിനായിരം രൂപ മാത്രം) അവരുടെ കമ്മിറ്റി/ കൗൺസിൽ തീരുമാനത്തിനും പരാമർശം (1) ലെ ഉത്തരവിനും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന തുകയുടെ വിശദമായി വിനിയോഗ റിപ്പോർട്ടും സാക്ഷ്യപത്രവും ആഡിറ്റ് സ്റ്റേറ്റ്മെന്റിനൊപ്പം ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ( ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട നഗരസഭകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)

സെക്രട്ടറി, ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം (ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)

സെക്രട്ടറി, ആശ്രയ ചാരിറ്റബിൾ സൊസൈറ്റി, തലശ്ശേരി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ